# ജില്ലാ സബ് ജൂനിയർ ത്രോബോൾ വിജയികൾ

**ഹാലക്കാട്**

ജില്ലാ സബ് ജൂനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പിൽ ആൺ കുട്ടികളുടെ വിഭാഗത്തിൽ സ്പോർട്സ് ആൻഡ് ഗെയിംസ് അക്കാദമിയും പെൺകുട്ടികളുടെ വിഭാഗത്തിൽ പല്ലശന വിഐഎം ഹയർ സെക്കൻഡറി സ്കൂളും ജേതാക്കളായി. ആൺകുട്ടികളുടെ വിഭാഗത്തിൽ ത്രോബോൾ സ്റ്റാർസ് രണ്ടാം സ്ഥാനവും പെൺകുട്ടികളുടെ വിഭാഗത്തിൽ ചലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്ബ് രണ്ടാം സ്ഥാനവും നേടി. പല്ലശന വിഐഎം ഹയർ സെക്കൻഡറി സ്കൂളിലായിരുന്നു മത്സരം.

പാലക്കാട് ജില്ലാ അക്വാട്ടിക് അസോസിയേഷൻ പ്രസിഡന്റ് കെ രമാധരൻ വിജയികൾക്ക് സമ്മാനം നൽകി. പല്ലശന പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ കെ അനന്തകൃഷ്ണൻ അധ്യക്ഷനായി. സംസ്ഥാന ത്രോബോൾ അസോസിയേഷൻ ട്രഷറർ എ ആർ മുഹമ്മദ് റാഫി, ത്രോബോൾ ഫെഡറേഷൻ അംഗം കെ പ്രദീപ്, ജില്ലാ സ്പോർട്സ് കൗൺസിൽ ഒബ്സർവർ എ തുളസീദാസ്, എം കെ രാമകൃഷ്ണൻ, സംസ്ഥാന ത്രോബോൾ അസോസിയേഷൻ ഒബ്സർവർ എസ് ശ്രീക്കുട്ടൻ എന്നിവർ സംസാരിച്ചു. ഫെബ്രുവരി 4, 5, തീയതികളിൽ കണ്ണൂരിൽ നടക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാനുള്ള ജില്ലാ ടീമിനെയും തെരഞ്ഞെടുത്തു.






ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ സ്പോർട്സ് ആൻഡ് ഗെയിംസ് അക്കാദമി, പെൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ പല്ലശന വിഐഎം ഹയർ സെക്കൻഡറി സ്കൂൾ ടീം അംഗങ്ങൾ എന്നിവർക്ക് പാലക്കാട് ജില്ലാ അക്വാട്ടിക് അസോസിയേഷൻ പ്രസിഡന്റ് കെ രമാധരൻ സമ്മാനം നൽകുന്നു

# സബ്ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ് 29ന്

പല്ലശ്ശന • ജില്ലാ സബ്ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ് 29നു പല്ലശ്ശന വിഐഎം ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും. പങ്കെടുക്കുന്ന ടീമുകൾ 27നു മുൻപായി www.throwballkerala.com എന്ന വെബ്സൈറ്റിൽ റജിസ്റ്റർ ചെയ്യണം.

ഫോൺ: 9447742821.